# മുഖത്തല ബ്ലോക്ക്

# കൊറ്റംകര പഞ്ചായത്ത് , കുടുംബശ്രീ, സി. ഡി. എസ്. കോവിഡ് 19 കാലത്തെ പ്രവർത്തനങ്ങൾ

കൊല്ലം ജില്ലയിലെ കുണ്ടറ കിളികൊല്ലൂർ റോഡിൽ കേരളപുരം മുതൽ കരിക്കോട് വരെയും കരിക്കോട് മുതൽ കുറ്റിച്ചിറ പുന്തലത്താഴം വഴി താഹ മുക്ക് മുതൽ മാമ്പുഴ വരെയും കരീക്കോട് മുതൽ കേരളപുരം റോഡ് വരെയും വ്യാപിച്ചുകിടക്കുന്ന ജനനിബിഡമായ പ്രദേശമാണ് കൊറ്റങ്കര ഗ്രാമപഞ്ചായത്ത്.

1953 ഇൽ രൂപീകൃതമായ പഞ്ചായത്ത് 2000 ഇൽ കൊറ്റങ്കര, ഇളമ്പള്ളൂർ എന്നിങ്ങനെ രണ്ടായി വിഭജിച്ചു.

21 വാർഡ് ആണ് ഈ പഞ്ചായത്തിന് ഉള്ളത്. പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി വിനീത കുമാരി ആണ്.21 വാർഡിലും 21 സി. ഡി. എസ്, 21 എ. ഡി. എസ് പ്രവർത്തിക്കുന്നു.

സംരംഭ ഗ്രൂപ്പുകളും ജെ എൽ ജി ഗ്രൂപ്പു കളും കോവിഡ് സമയത്ത് വളരെ നല്ല പ്രവർത്തനമാണ് കാഴ്ചവെച്ചത്

1 കോവിഡ് കാലത്ത് അയൽക്കൂട്ടങ്ങൾ ഒറ്റക്കെട്ടായി പ്രവർത്തിക്കുകയുണ്ടായി.2020 മാർച്ച് 28 മുതൽ ഏപ്രിൽ 27 വരെ നടന്ന കമ്മ്യൂണിറ്റി കിച്ചണിൽ നല്ല പങ്കാളിത്തം ഉണ്ടായിരുന്നു. ഓരോ വാർഡിൽ നിന്നും ആവശ്യത്തിൽ കൂടുതൽ പലചരക്ക് പച്ചക്കറികൾ ഇവ കമ്മ്യൂണിറ്റി കിച്ചണിൽ എത്തിക്കുന്നു ഉണ്ടായിരുന്നു. ടികെഎം എൻജിനീയറിങ് കോളേജിൽ ഒരു കോവിഡു ഐസൊലേഷൻ വാർഡ് ഉണ്ടായിരുന്നു അവിടേയ്ക്ക് പ്രഭാതഭക്ഷണം മുതൽ രാത്രി ഭക്ഷണം വരെ ഈ കമ്മ്യൂണിറ്റി കിച്ചണിൽ നിന്നും ആണ് കൊടുത്തു കൊണ്ടിരുന്നത്.

ടി കെ എം കോളേജിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന isolation വാർഡിലെ പ്രവാസി സഹോദരങ്ങൾക്ക് ഭക്ഷണം തയ്യാറാക്കി നൽകുന്നത് കുടുംബശ്രീയുടെ മേൽനോട്ടത്തിലുള്ള സമൂഹ അടുക്കളയിൽ നിന്നാണ്. നല്ലവരായ നാട്ടുകാരുടെയും സ്ഥാപനങ്ങളുടെയും അയൽക്കൂട്ട അംഗങ്ങളുടെയും ഒത്തൊരുമ ഉള്ളതുകൊണ്ടാണ് വാർഡിലേക്ക് നല്ല ഭക്ഷണം എത്തിക്കാൻ കഴിഞ്ഞത്. ഈ സമൂഹ അടുക്കള സന്ദർശിക്കാൻ ബഹുമാനപ്പെട്ട മന്ത്രി മേഴ്സിക്കുട്ടിയമ്മ ,എംഎൽഎ പ്രേമചന്ദ്രൻ സാർ എത്തിയിരുന്നു.









2. പാവപ്പെട്ട 250 പേർക്ക് ആരോഗ്യ വോളണ്ടിയേഴ്സ് സഹായത്തോടെ ഭക്ഷണം എത്തിക്കുമായിരുന്നു. ആഹാരം തയ്യാറാക്കിയത് കുടുംബശ്രീ സംരംഭം യൂണിറ്റായ ഐശ്വര്യ കഫേ യൂണിറ്റ് ആയിരുന്നു. കുടുംബശ്രീ സിഡിഎസ് ചെയർപേഴ്സൺ ,മെമ്പർ തുടങ്ങിയവർ എല്ലാദിവസവും കിച്ചണിൽ മേൽനോട്ടം വഹിക്കാൻ ഉണ്ടായിരുന്നു.

3. ബാലസഭാ ഗ്രൂപ്പുകൾ ക്കായി റിഥം ഓഫ് നേച്ചർ എന്ന പ്രോഗ്രാം എല്ലാ പഞ്ചായത്തിലും ആരംഭിച്ചു. അതിന്റെ ഭാഗമായി ബാലസഭയുടെ വാട്ട്സാപ്പ് ഗ്രൂപ്പുകൾ തുടങ്ങി അവരവരുടെ കഴിവുകൾ പ്രകടിപ്പിക്കുന്ന വീഡിയോ ഗ്രൂപ്പിൽ പോസ്റ്റ് ചെയ്യുകയും ഇതിൽ നിന്നും മികച്ച അതിന് സമ്മാനം നൽകുകയും ചെയ്യും

4. ആശ്രയ വയോജന സർവ്വേ നടത്തിയിട്ടുണ്ട്. 60 വയസ്സിനു മുകളിൽ പ്രായമുള്ള ആൾക്കാരെ ഫോണിൽ വിളിച്ച് അവരുടെ ആവശ്യങ്ങൾ ചോദിച്ചറിയുകയും സൗജന്യമായി മരുന്നും ഭക്ഷണവും എത്തിച്ചു കൊടുക്കുകയും ചെയ്തു

ആശ്രയ അംഗങ്ങളെ സിഡിഎസ് ചെയർപേഴ്സൺ അക്കൗണ്ടന്റ് ഫോണിൽ വിളിച്ച് വിവരങ്ങൾ ശേഖരിക്കുകയും അവർക്ക് വേണ്ട സഹായങ്ങളും നിർദ്ദേശങ്ങളും നൽകുകയും ചെയ്തു

5. സിഡിഎസ് എഡിഎസ് അയൽക്കൂട്ട അംഗങ്ങൾ ഇവരെ ദുരന്തനിവാരണ അതോറിറ്റിയുടെ സന്നദ്ധ സേന അംഗങ്ങൾ ആയി രജിസ്റ്റർ ചെയ്യിപ്പിച്ചു.

6. 147 അയൽക്കൂട്ടങ്ങളിൽ ആയി 1862 അംഗങ്ങളാണ് ഉള്ളത്. മുഖ്യമന്ത്രിയുടെ സഹായഹസ്തം പ്രോജക്റ്റ് ഭാഗമായി 1,40,37332 രൂപ അനുവദിച്ചിട്ടുണ്




7. സർക്കാർ, ജനങ്ങൾക്ക് നൽകിവരുന്ന സൗജന്യ ഭക്ഷ്യധാന്യ കിറ്റ് നിറയ്ക്കുവാൻ കുടുംബശ്രീ അംഗങ്ങൾ ഇപ്പോഴും സപ്ലൈകോയിൽ ജോലി ചെയ്തു വരുന്നു. അവരെ അറിയിച്ചപ്പോൾ സുമനസ്സുകളായ കുടുംബശ്രീ അംഗങ്ങൾ കൂലി നോക്കാതെ ജോലി ചെയ്യാൻ തയ്യാറായതാണ് പ്രധാനപ്പെട്ട കാര്യം.




8.    കുടുംബശ്രീ സംരംഭം ഗ്രൂപ്പുകൾ ആയിരക്കണക്കിന് മാസ്ക് കളും,  സപ്ലൈകോ ലേക്ക് ആവശ്യമായ പതിനായിരക്കണക്കിന് തുണിസഞ്ചി കളും ഇതുവരെ നിർമ്മിച്ച് നൽകി.



9. സമൂഹ അടുക്കളയിലേക്ക് ആവശ്യമായ പച്ചക്കറികൾ കുടുംബശ്രീ ജെ എൽ ജി അംഗങ്ങളുടെ വീട്ടിൽ നിന്നും എത്തിച്ചു. ഇപ്പോൾ കൊറ്റങ്കര പഞ്ചായത്തിൽ തരിശുഭൂമി കൃഷി ആരംഭിച്ചു. കുടുംബശ്രീ അംഗങ്ങളുടെ വീട്ടിലേക്ക്
ആവശ്യമായ പച്ചക്കറികൾ അവർതന്നെ കൃഷി ചെയ്യാൻ തുടങ്ങി .

ജെ എൽ ജി യുടെ ഭാഗമായി കമ്മ്യൂണിറ്റി കിച്ചൻ ലേക്ക് സൗജന്യമായി വിഷരഹിത പച്ചക്കറികൾ എത്തിച്ചു നൽകി. കൃഷിഭവനും പഞ്ചായത്തും ചേർന്ന് എല്ലാ വീടുകളിലും സൗജന്യ പച്ചക്കറി വിത്തും തൈകളും നൽകി





കോ വിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ കുടുംബശ്രീ വളരെ നല്ല രീതിയിലുള്ള പ്രവർത്തനങ്ങളാണ് കാഴ്ച വെച്ചിരിക്കുന്നത്.  ഇനി തുടർന്നുള്ള പ്രതിസന്ധിഘട്ടങ്ങളി ലും സമൂഹത്തിന് കൈത്താങ്ങായി കുടുംബശ്രീ അംഗങ്ങൾ എന്നും കൂടെയുണ്ടാകും

Block coordinator

r

Sajitha. S

Mukhathala block
(ME & Marketing)